ഉത്തരം

(എ) ഉണ്ട്.

(ബി, സി ആന്റ് ഡി) പ്ളസ് ടു സ്കൂളുകളിൽ നിലവിലുള്ള സീറ്റുകളുടെ 30 ശതമാനം സീറ്റ് അധികം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ വർഷം പുതുതായി 10 എയ്ഡഡ് സ്കൂളുകളിൽ മൂന്നു ബാച്ച് വീതവും, 286 സർക്കാർ സ്കൂളുകളിൽ രണ്ടുബാച്ചു വീതവും പ്ളസ് ടു കോഴ്സ് അനുവദിച്ചിട്ടുണ്ട്. കൂടാതെ 60 അധിക ബാച്ചുകൂടി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മാത്രവുമല്ല എല്ലാ എയ്ഡഡ് സ്കൂളുകളിലും അൺഎയിഡഡ് സ്കൂളുകളിലും ഓരോ അൺഎയിഡഡ് ബാച്ചും കൂടുതലായി തുടങ്ങാൻ അനുവദിച്ചിട്ടുണ്ട്.

(ഇ. എഫ് ആന്റ് ജി) പുതുതായി അനുവദിച്ച 186 ഹയർസെക്കണ്ടറി സ്കൂളുകളിൽ 156-ഉം മലബാർ മേഖലയിലാണ്.

സെന്റ് തെരേസാസ് കോളേജ് ശ്രീ. ജി. ജോസഫിന് പെൻഷൻ അനുവദിക്കുന്ന നടപടി

151 [771] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം സെന്റ് തെരേസാസ് കോളേജിലെ മെക്കാനിക് ആയിരുന്ന ശ്രീ. ജി ജോസഫ് 1-8-1982 മുതൽ പെൻഷൻ അനുവദിച്ച് കിട്ടുന്നതിന് അപേക്ഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ചുള്ള നടപടികൾ ഏതെല്ലാം ഫയലുകളിൽ ഏതെല്ലാം ഓഫീസുകളിലെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി ആന്റ് ഡി) അദ്ദേഹത്തിന്റെ സേവന കാലം വോളണ്ടറി റിട്ടയർമെന്റിന് തികയാത്തതിനാൽ ഇൻവാലിഡ് പെൻഷന് അപേക്ഷ നൽകുകയും

LIBRARY ARCHIVES Kerala Legislative Assembly

അത് അപേക്ഷാ തീയതിയായ 2-4-96 മുതൽക്ക് അനുവദിക്കുകയും ചെയ്തു. തുടർന്ന് 1-8-82 മുതൽ മുൻകാല പ്രാബല്യത്തോട് കൂടി പെൻഷൻ അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചു. നിലവിലുള്ള നിയമപ്രകാരം മുൻകാല പ്രാബല്യത്തോട് കൂടി ഇൻവാലിഡ് പെൻഷൻ അനുവദിക്കാൻ വ്യവസ്ഥയില്ല, ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. പെൻഷൻ അനുവദിച്ചുകൊണ്ടുള്ള അക്കൗണ്ടന്റ് ജനറലിന്റെ 6-11-2001-ലെ ഉത്തരവിന്റെ പകർപ്പ് † അനുബന്ധമായി ചേർത്തിരിക്കുന്നു.

വൊക്കേഷണൽ ഹയർ സെക്കണ്ടറി—സ്പെഷ്യൽ റൂൾസും പി. എസ്. സി. വഴിയുള്ള അദ്ധ്യാപക നിയമനവും.

152[772] ശ്രീ. ഉമേഷ് ചള്ളിയിൽ:

,, കെ. കെ. ഷാജു:

,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾ പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണ് പി.എസ്.സി. വഴി വി.എച്ച്.എസ്.ഇ. അദ്ധ്യാപകരെ നിയമിക്കാത്തതെന്ന് വിശദമാക്കുമോ;

(ഡി) വി.എച്ച്.എസ്.ഇ.-യിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള പി.എസ്.സി. നോട്ടിഫിക്കേഷൻ എന്നത്തേക്ക് പുറപ്പെടുവിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഗവൺമെന്റ് വൊക്കേഷണൽ സ്കൂൾ അദ്ധ്യാപകരുടെ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടുണ്ട്. അതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.†

(ബി) ചോദ്യം ഉദിക്കുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly